بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 31.05.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

31.05.2019ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**അല്ലാഹു വ്യക്തമായും പറയുന്നു, ജുമുഅ നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ എത്ര തന്നെ തിരക്കാണെങ്കിലും ശരി, യാതൊരു അലസതയും കാണിക്കാതെ ഉടൻ തന്നെ ജുമുഅ നമസ്കാരത്തിനായി ഹാജറാകുക. ജുമുഅ നമസ്കാരം നിർവഹിക്കുന്നതും ഇമാമിന്റെ ഖുത്ബ കേൾക്കുന്നതും നിങ്ങളുടെ കച്ചവടത്തെക്കാളും വ്യവഹാരത്തെക്കാളും ഭൗതികജോലികളെക്കാളും ആയിരക്കണക്കിനും ലക്ഷക്കണക്കിനും മടങ്ങ് ഉത്തമമാകുന്നു. നാം നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തുകയും ഏതൊരു നിലവാരത്തിലാണ് ഈ റമദാനിൽ നാം എത്തിനിൽക്കുന്നത് അല്ലെങ്കിൽ എത്തുന്നതിനായി പരിശ്രമം നടത്തിയത് അതിൽ നിന്ന് താഴെക്ക് സ്വയംതന്നെ വീഴ്ത്താതിരിക്കുകയും ചെയ്യുകയെന്നതാണ് നമ്മുടെ ഉത്തരവാദിത്വം.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

يٰۤاَيُّهَا الَّذِيْنَ اٰمَنُوْۤا اِذَا نُوْدِيَ لِلصَّلٰوةِ مِنْ يَّوْمِ الْجُمُعَةِ فَاسْعَوْا اِلٰى ذِكْرِ اللّٰهِ وَذَرُوا الْبَيْعَ ؕ ذٰلِكُمْ خَيْرٌ لَّكُمْ اِنْ كُنْتُمْ تَعْلَمُوْنَ ۝ فَاِذَا قُضِيَتِ الصَّلٰوةُ فَانْتَشِرُوْا فِي الْاَرْضِ وَابْتَغُوْا مِنْ فَضْلِ اللّٰهِ وَاذْكُرُوا اللّٰهَ كَثِيْرًا لَّعَلَّكُمْ تُفْلِحُوْنَ ۝ وَاِذَا رَاَوْا تِجَارَةً اَوْ لَهْوَا ۨانْفَضُّوْۤا اِلَيْهَا وَتَرَكُوْكَ قَآئِمًا ؕ قُلْ مَا عِنْدَ اللّٰهِ خَيْرٌ مِّنَ اللَّهْوِ وَمِنَ التِّجَارَةِ ؕ وَاللّٰهُ خَيْرُ الرّٰزِقِيْنَ ۝

(സൂറ ജുമുഅ 10-12)

തശഹുദും തഅവ്വുദും സൂറാ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ അൻവർ സൂറ ജുമുഅയിലെ അവസാന ആയത്തുകൾ പരായണം ചെയ്തു. അതിനുശേഷം ഇപ്രകാരം പറഞ്ഞു:

ഈ ആയത്തുകളുടെ തർജ്ജുമ ഇപ്രകാരമാണ്, അല്ലയോ സത്യവിശ്വാസികളെ! ജുമുഅ ദിവസം നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് നിങ്ങൾ ധൃതിപ്പെട്ടുപോവുകയും കച്ചവടം നിർത്തിവെക്കുകയും ചെയ്യുക. ഒരുപക്ഷേ നിങ്ങൾ കാര്യം മനസ്സിലാക്കുന്നെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാകുന്നു. പിന്നെ, നമസ്കാരം നിർവഹിച്ച് കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ പിരിഞ്ഞുപോവുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അന്വേഷിക്കുകയും ചെയ്തുകൊള്ളുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിനായി അല്ലാഹുവിനെ അധികമായി സ്മരിക്കുക. ഏതെങ്കിലും ഒരു കച്ചവടമോ വിനോദമോ കണ്ടാൽ അവർ (കപടവിശ്വാസികൾ) അതിലേക്ക് ചിതറിപോകുകയും നിന്നെ നിന്നനിലയിൽ വിട്ടേക്കുകയും ചെയ്യുന്നു. പറയുക, അല്ലാഹുവിന്റെ പക്കലുള്ളത് വിനോദത്തെക്കാളും കച്ചവടത്തെക്കാളും ഉത്തമമാണ്. അല്ലാഹു ഉപജീവനം നല്കുന്നവരിൽവച്ച് ഏറ്റവും ഉത്തമനാകുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇന്ന് ഈ റമദാന്റെ അവസാന ജുമുഅയാണ്. സാധാരണ നിലയിൽ ആളുകൾ അധികമായി ജുമുഅ ദിവസം നമസ്കാരത്തിനായി എത്തിചേരുന്നു. പ്രത്യേക ശ്രദ്ധയോടെ എത്തിചേരുന്നതിനായി പരിശ്രമിക്കുന്നു. സൂറ ജുമുഅയിലെ അവസാന റുകൂആണ് ഞാൻ തിലാവത്ത് ചെയ്തത്. അതിൽ അല്ലാഹു ജുമുഅ നമസ്കാരങ്ങളുടെ പ്രാധാന്യം വ്യക്തമായ നിലയിൽ വിവരിച്ചിരിക്കുന്നു. അതിനാൽ ജുമുഅ നമസ്കാരത്തിന് ഹാജറാകുകയെന്നത് അല്ലാഹുവിന്റെ സമക്ഷം വളരെ നിർബന്ധകരമാകുന്നു. അല്ലാഹു തുറന്ന നിലയിൽ പറയുന്നു: ജുമുഅ നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ നിങ്ങൾ യാതൊരു അലസതയും കാണിക്കരുത്. മറിച്ച് ഉടൻതന്നെ ശ്രദ്ധ നല്കികൊണ്ട് ജുമുഅ നമസ്കാരത്തിനായി ഹാജറാകുക. എത്ര തന്നെ തിരക്കിലാണെങ്കിലും ശരി. കച്ചവടത്തിന്റെ എത്ര പ്രധാനമായ സമയമാണെങ്കിലും ശരി. ഇനി ലക്ഷക്കണക്കിനോ, കോടിക്കണക്കിനോ നഷ്ടമുണ്ടാകുമെങ്കിലും ശരി. അതിനെയൊന്നും വിലവെക്കാതിരിക്കുക. ലോകത്ത് ഉണ്ടാകാൻ സാധ്യതയുള്ള ലക്ഷക്കണക്കിനോ കോടിക്കണക്കിനോ നഷ്ടത്തെ വകവെക്കാതെ ജുമുഅയ്ക്ക് വേണ്ടി ഹാജറാകുക. കാരണം, ജുമുഅ നമസ്കാരത്തിന് വരുന്നതും ജാമിഅ് മസ്ജിദിൽ എത്തി, ജുമുഅ നമസ്കാരം നിർവഹിക്കുകയും ഇമാമിന്റെ ഖുത്ബ കേൾക്കുകയും ചെയ്യുന്നത്,

നിങ്ങളുടെ കച്ചവടത്തെക്കാളും വ്യവഹാരത്തെക്കാളും ഭൗതികജോലികളെക്കാളും ആയിരകണക്കിന്, ലക്ഷക്കണക്കിന് മടങ്ങ് നിങ്ങൾക്ക് ഉത്തമമാകുന്നു. എന്നാൽ ഈ വികാരം, അതിനെകുറിച്ചുള്ള ശരിയായ ഗ്രാഹ്യവും തിരിച്ചറിവുമുള്ളവർക്കാണ് ഉണ്ടാകുക. അല്ലാഹു പറയുന്നു: ശരിയായ ഗ്രാഹ്യവും തിരിച്ചറിവുമുള്ളവർ തീർച്ചയായും കച്ചവടത്തിനും വ്യവഹാരത്തിനും രണ്ടാം സ്ഥാനമാണ് നല്കുക. അതോടൊപ്പം അല്ലാഹു ഇതുകൂടി പറയുന്നു, ജുമുഅ നമസ്കാരത്തിന് ശേഷം പിന്നെ നിങ്ങൾ സ്വതന്ത്രരാണ്. അങ്ങനെ നിങ്ങൾ പോകുകയും ഭൗതികജോലികളിലും കച്ചവടങ്ങളിലും മുഴുകുകയും ചെയ്തുകൊള്ളുക. അങ്ങനെയെങ്കിൽ അല്ലാഹു നിങ്ങളുടെ ഭൗതിക ജോലികളിലും അനുഗ്രഹം ചൊരിയുന്നതാണ്. എന്നാൽ നിങ്ങളുടെ ഇബാദത്തുകൾ വെറും ജുമുഅയിൽ മാത്രം പരിമിതപ്പെടുത്താതിരിക്കുക. മറിച്ച് അല്ലാഹുവിനെ നിങ്ങൾ എപ്പോഴും സ്മരിച്ച് കൊണ്ടിരിക്കുക. അല്ലാഹുവിന്റെ ദിക്റുകളിലേക്കും ശ്രദ്ധ ചെലുത്തുക. എങ്കിൽ മുമ്പത്തേക്കാളുപരി വിജയങ്ങൾ, നിങ്ങൾക്ക് മതപരവും ആത്മീയപരവും അതുപോലെ ഭൗതീക നിലയിലും കരസ്ഥമാകുന്നതാണ്. അല്ലാഹുവിന്റെ ദിക്റുകൾ ചെല്ലുന്നവർ, അല്ലാഹുവിനെ കുറിച്ച് സ്മരിക്കുമ്പോൾ ജുമുഅ നമസ്കാരത്തിനുശേഷം നമുക്ക് അസർ നമസ്കാരം കൂടി നിർവഹിക്കണമെന്ന് ചിന്തിക്കുന്നു. അതും ഫർളിൽ ഉൾപെടുന്നതാണ്. മഗ്രിബ് നമസ്കാരവും നിർവഹിക്കേണ്ടതാണ്. ഇശാഅ് നമസ്കാരവും നിർവഹിക്കേണ്ടതാണ്. ഇതെല്ലാം ഫർള് നമസ്കാരങ്ങളിൽ ഉൾപെട്ടവയാണ്. ഭൗതിക കച്ചവടങ്ങളും അല്ലെങ്കിൽ മറ്റ് അനുഗ്രഹങ്ങളും അല്ലാഹുവിന്റെ കൃപാവരത്താലാണ് ലഭിക്കുക. അതുകൊണ്ട് വിജയം അല്ലാഹുവിന്റെ ദിക്റുകളുമായും അവന്റെ ഇബാദത്തുകളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് ജുമുഅയുടെ പ്രാധാന്യത്തെ വിവരിച്ച് കൊണ്ട് പറയുന്നു:

ജുമുഅ ദിവസവും പെരുന്നാൾ ദിവസമാകുന്നു. ഈ പെരുന്നാൾ മറ്റുള്ള പെരുന്നാളുകളെക്കാൾ അനുഗ്രഹീതമാകുന്നു. ഈ പെരുന്നാളിന് വേണ്ടിയാണ് സുറ ജുമുഅ പ്രത്യേകമായി അവതരിച്ചത്. പിന്നീട് അവിടുന്ന് ജുമുഅയുടെ പ്രാധാന്യത്തെ വിവരിച്ച് കൊണ്ട് ഹദ്റത്ത് ഉമർ (റ) ന്റെയും ഒരു യഹൂദിയുടെയും സംഭാഷണത്തെ കുറിച്ച് പറയുന്നു,

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ

എന്ന ആയത്ത് അവതരിച്ചപ്പോൾ ഒരു യഹൂദി പറഞ്ഞു: ഈ വചനം ഞങ്ങൾക്ക് അവതരിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ആ ദിവസം പെരുന്നാൾ ആഘോഷിക്കുമായിരുന്നു. അതിന് ഹദ്റത്ത് ഉമർ(റ) മറുപടി നല്കി കൊണ്ട് പറഞ്ഞു: ജുമുഅ ഞങ്ങൾക്ക് പെരുന്നാൾ തന്നെയാണ്. അന്നേദിവസം തന്നെയാണ് ഈ ആയത്തും അവതരിച്ചത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എന്നാൽ ദീൻ പൂർത്തീകരിച്ചുവെന്ന വാർത്ത നല്കപ്പെട്ട ഈ പെരുന്നാളിനെ കുറിച്ച് അധിക പേർക്കും അറിവില്ല. അല്ലാഹു തന്റെ അനുഗ്രഹങ്ങളെ പരിപൂർത്തീകരിച്ചുവെന്ന സന്തോഷവാർത്ത അറിയിച്ചിരിക്കുന്നു. ആ ദിവസത്തിന് അത്ര പ്രാധാന്യം നല്കപ്പെടുന്നില്ല. ഇവർ മനസ്സിലാക്കുന്നത്, റമദാനിലെ അവസാനത്തെ ജുമുഅയ്ക്ക് പ്രത്യേക ശ്രദ്ധ നല്കി അതിൽ ഹാജറായി കൊണ്ട് മുഴുവൻ ജുമുഅകളുടെയും അനുഗ്രഹം തങ്ങൾ കരസ്ഥമാക്കിയെന്നാണ്. എന്നാൽ ഒരുപാട് ആളുകൾ മുൻ പറഞ്ഞ കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നില്ല. ഭൗതീക കച്ചവടങ്ങൾക്കായും ഭൗതീക വിനോദങ്ങൾക്കായും അവരുടെ ജുമുഅകൾ നഷ്ടപ്പെടുത്തി കളയുന്നു. അല്ലാഹു പറയുന്നു: അല്ലാഹുവിന്റെ പക്കലുള്ളതാണ്, ഭൗതീക വസ്തുകളെക്കാളും സമ്പത്തിനെക്കാളും വിനോദങ്ങളെക്കാളും കൂടുതൽ ഉത്തമമായിട്ടുള്ളത്. അല്ലാഹുവാണ് നിങ്ങൾക്ക് ജീവിതവിഭവങ്ങൾ നല്കുന്നത്. അതിനാൽ ഇത് വളരെ പ്രാധാന്യം അർഹിക്കുന്നതും ഒരോ മുഅ്മിനും വളരെയധികം ശ്രദ്ധ നല്കേണ്ടതുമായ കാര്യമാകുന്നു. പ്രധാനമായും നാം ഈ കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിച്ചവരുമാണ്, അതുകൊണ്ട് നാം ഇതിലേക്ക് പ്രത്യേക ശ്രദ്ധ നല്കേണ്ടത് നിർബന്ധമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: വാസ്തവത്തിൽ അല്ലാഹു ഈ കാലത്ത് നിത്യജീവനായി സൃഷ്ടിച്ച നീരുറവയുടെ സമീപത്ത് നിങ്ങൾ എത്തിയിരിക്കുന്നു. എന്നാൽ ഇനിയും ആ ജലം നിങ്ങൾ പാനം ചെയ്തിട്ടില്ല. അതുകൊണ്ട് അത് കുടിക്കുന്നതിനായി അല്ലാഹുവിന്റെ അനുഗ്രഹത്തെയും കാരുണ്യത്തെയും നിങ്ങൾ ചോദിക്കുക. കാരണം, അല്ലാഹു ഇച്ഛിക്കാതെ യാതൊന്നും സംഭവിക്കുകയില്ല. ഈ നീരുറവയിൽ നിന്ന് ജലം കുടിക്കുന്നവൻ ഒരിക്കലും നാശത്തിന് ഇരയാകില്ലായെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. ഈ നീരുറവയിൽ നിന്ന് ദാഹം ശമിപ്പിക്കാനുള്ള മാർഗം എന്താണ്? അല്ലാഹു നിർബന്ധമാക്കിയിരിക്കുന്ന രണ്ടു കടമകളെ സന്ദർഭോചിതം നിർവഹിക്കുക എന്നതാണത്. നല്ല നിലയിൽ പൂർത്തിയാക്കുക. അതിൽ ഒന്ന് അല്ലാഹുവിനോടുള്ള കടമയും മറ്റൊന്ന് സൃഷ്ടികളോടുള്ള കടമയുമാകുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: അല്ലാഹുവിനോടുള്ള കടമ പൂർത്തീകരിക്കുന്നതിനായി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകേണ്ടത് നിർബന്ധമാണ്. അല്ലാഹുവിനോടുള്ള ആരാധനകളുടെ കടമ നിർവഹിക്കണമെന്ന കാര്യവും മുന്നിൽ വെക്കേണ്ടത് നിർബന്ധമാണ്. അല്ലാഹു പറയുന്നു,

وَمَا خَلَقْتُ الْجِنَّ وَالْاِنْسَ اِلَّا لِيَعْبُدُوْنِ ۝٥٧

അതായത്, എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ ജിന്നിനെയും മനുഷ്യനെയും സൃഷ്ടിച്ചിട്ടില്ല. ഇതൊരു സ്ഥായിയായ പ്രവൃത്തിയാകുന്നു. നിങ്ങൾ ബോധാവസ്ഥയിൽ എത്തിയത് മുതൽ ഈ ലോകത്ത് നിന്ന് വിടപറയുന്നത് വരെ നിർവഹിച്ച് കൊണ്ടേയിരിക്കേണ്ടതാണ്. അതുകൊണ്ട് വർഷത്തിലെ ഒരു ജുമുഅ നമസ്കാരത്തിന് മാത്രം പ്രാധാന്യം നല്കാതിരിക്കുക. മറിച്ച് എല്ലാ ജുമുഅ നമസ്കാരങ്ങളും പ്രധാനപ്പെട്ടതാണ്.

ഒരവസരത്തിൽ നബി(സ)തിരുമേനി ജുമുഅയുടെ പ്രാധാന്യത്തെ വിവരിച്ച് കൊണ്ട് പറഞ്ഞു: അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന എല്ലാവർക്കും വെള്ളിയാഴ്ച ദിവസം ജുമുഅ നമസ്കാരം നിർവഹിക്കേണ്ടത് നിർബന്ധ

മാണ്. രോഗികളും യാത്രക്കാരും സ്ത്രീകളും കുട്ടികളും അടിമകളും ഒഴികെ. പിന്നെ പറയുന്നു: വിനോദങ്ങളും വ്യവഹാരങ്ങളും കാരണം ജുമുഅയുടെ കാര്യത്തിൽ ആരാണോ അവഗണന കാണിക്കുന്നത്, അവരോട് അല്ലാഹുവും അവഗണന കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ആരെയും ആശ്രയിക്കാത്തവനും എല്ലാവിധ സ്തുതിക്ക് അർഹനുമാകുന്നു. അതോടൊപ്പം അവിടുന്ന് ഇതുകൂടി പറഞ്ഞു: ജുമുഅ ദിവസം നന്മകൾക്കുള്ള പ്രതിഫലം പതിമടങ്ങ് വർധിക്കുന്നതാണ്. യാതൊരു കാരണവും കൂടാതെ ജുമുഅ ഉപേക്ഷിക്കുന്നതിനെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ മുന്നറിയിപ്പോടുകൂടിയ ഈ താക്കീതും നമുക്ക് ലഭിക്കുന്നുണ്ട്. അതായത്, ആരാണ് യാതൊരു കാരണവും കൂടാതെ ജുമുഅ ഉപേക്ഷിക്കുന്നത്, അവന്റെ കർമപുസ്തകത്തിൽ **മുനാഫിഖ്** എന്ന് എഴുതപ്പെടുന്നതാണ്. പിന്നീട് പറയുന്നു: ഇങ്ങനെ അലസത പ്രകടിപ്പിച്ച് മൂന്ന് ജുമുഅ വരെ തുടർച്ചയായി ജുമുഅ നമസ്കാരം ഉപേക്ഷിക്കുന്നവന്റെ ഹൃദയത്തിൽ അല്ലാഹു മുദ്ര വെക്കുന്നതാണ്. അതുകൊണ്ട് വളരെയധികം ഭയപ്പെടേണ്ടതുണ്ട്. കാരണം, ഹൃദയത്തിൽ മുദ്ര വെക്കപ്പെട്ട് കഴിഞ്ഞാൽ പിന്നെ നന്മ ചെയ്യാനുള്ള തൗഫീഖ് കുറഞ്ഞ് പോകുന്നതാണ്. ഒരവസരത്തിൽ അവിടുന്ന് പറഞ്ഞു: ജുമുഅ നമസ്കരിക്കുന്നതിനായി വരിക. ഒരു വ്യക്തി ജുമുഅയിൽ പിന്നിലാണ് ഇരിക്കുന്നതെങ്കിൽ അയാൾ സ്വർഗത്തിലും പിന്നിലായി പോകുന്നതാണ്. എന്നാലും അയാൾ സ്വർഗവാസിയായിരിക്കും.

ഹുസൂർ തിരുമനസ്സ് പറയുന്നു: നിരവധി അവസരങ്ങളിൽ നബി(സ)തിരുമേനി ജുമുഅ നമസ്കാരത്തിൽ പങ്കെടുക്കുന്നതിനായി നിർദ്ദേശം നല്കിയെന്ന് മാത്രമല്ല പങ്കെടുക്കാത്തവർക്ക് മുന്നറിയിപ്പും നല്കിയിരിക്കുന്നു. എന്നാൽ നിങ്ങൾ റമദാനിലെ അവസാന ജുമുഅ നമസ്കരിച്ചാൽ നിങ്ങൾക്ക് പൊറുത്തു നല്കപ്പെടുന്നതാണെന്ന് ഒരിടത്തും തന്നെ അവിടുന്ന് പറയുന്നില്ല. നബി(സ) ഒരു സത്യവിശ്വാസിയുടെ അടയാളമായി പറയുന്നത്, അവൻ ഒരു നമസ്കാരത്തിന് ശേഷം അടുത്ത നമസ്കാരത്തെ കുറിച്ചുള്ള ചിന്തയിലും പ്രതീക്ഷയിലുമായിരിക്കും കഴിയുക, അതുപോലെ ഒരു ജുമുഅക്ക് ശേഷം അടുത്ത ജുമുഅക്കുള്ള ചിന്തയിലും പ്രതീക്ഷയിലുമായിരിക്കും കഴിയുക, ഒരു റമദാന് ശേഷം അടുത്ത റമദാനെ കുറിച്ചുള്ള ചിന്തയിലും പ്രതീക്ഷയിലുമായിരിക്കും അവൻ കഴിയുക. അതല്ലാതെ ഭൗതികാഗ്രഹങ്ങൾക്കും ജോലികൾക്കുംവേണ്ടി ജുമുഅകളും നമസ്കാരങ്ങളും നഷ്ടപ്പെടുത്തുകയില്ല. അതിനാൽ നമുക്ക് നമ്മുടെ ആരാധനകളെ കുറിച്ച് ചിന്തക്കേണ്ടതിന്റെ ആവിശ്യമുണ്ട്. എന്നാൽ നാം പരിശോധിക്കുന്നതായാൽ, അല്ലാഹുവിന്റെ യഥാർത്ഥ സ്ഥാനത്തെയും അവന്റെ മഹത്വത്തെയും മഹിമയെയും കുറിച്ചുള്ള ശരിയായ ഗ്രാഹ്യം നമുക്കില്ലായെന്ന് കാണാൻ സാധിക്കുന്നതാണ്. നമ്മുടെ ദുആകളിൽ ഒരു സ്ഥിരത കൈവരേണ്ടതുണ്ട്. നമ്മുടെ ഹൃദയം ജുമുഅ നമസ്കാരത്തിന് വേണ്ടി മാത്രമല്ല, മറിച്ച് അഞ്ചുനേര നമസ്കാരത്തിനുവേണ്ടിയും പള്ളിയോട് ഒട്ടിച്ചേർന്ന് നില്ക്കേണ്ടതാണ്. എന്നാൽ ഞാൻ പറഞ്ഞത് പോലെ നമുക്ക് യഥാർത്ഥത്തിൽ അവനെ കുറിച്ചുള്ള ഗ്രാഹ്യമില്ല. നാം താൽക്കാലികവും ഉടൻ ലഭിക്കുന്നതുമായ കാര്യങ്ങൾക്കാണ് പ്രാധാന്യം നല്കുന്നത്. ഇനി നാം അല്ലാഹുവിനെ വിസ്മരിക്കുകയാണെങ്കിൽ, അവന്റെ കല്പനകളെ ഭൗതികാഗ്രഹങ്ങളുടെ പിന്നിലേക്ക് വലിച്ച് എറിയുകയാണെങ്കിൽ, പിന്നെ നബി(സ)തിരുമേനി പറഞ്ഞത് പോലെ, അല്ലാഹു അങ്ങനെയുള്ളവർക്ക് യാതൊരു വിലയും കല്പ്പിക്കുകയില്ല. സ്വർഗത്തിന് അവകാശി ആയിരിക്കെ ഈ അവഗണന കാരണം അത്തരം മനുഷ്യർക്ക് സ്വർഗം നഷ്ടപ്പെട്ട് പോകുന്നതാണ്. അതുകൊണ്ട് ഒരു സത്യാവിശ്വാസിയുടെ ജോലിയെന്നത് ഈ കാര്യങ്ങളെ എപ്പോഴും മുന്നിൽ വെക്കുകയെന്നതാണ്. അതായത്, എന്റെ കച്ചവടം, എന്റെ ഭൗതികജോലി എല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് ബർകത്തുള്ളതായി തീരുക. പിന്നെ എന്തുകൊണ്ട് ഞാൻ അല്ലാഹുവിനോടുള്ള കടമയ്ക്ക് മുൻതൂക്കം നല്കുന്നതിന് ശ്രമിക്കുന്നില്ല? ഈ തത്ത്വം എല്ലാവരും മനസിലാക്കേണ്ടതാണ്. ഒരു പക്ഷേ നാം ഇത് മനസിലാക്കുന്നതായാൽ, നമ്മുടെ പള്ളികൾ റമദാനിൽ മാത്രമല്ല, മറിച്ച് എല്ലാ അഞ്ചുനേര നമസ്കാരങ്ങളിലും ജനവാസമുള്ളതായി തീരുന്നതാണ്. ജുമുഅ നമസ്കാരങ്ങളിലും അത് നിറഞ്ഞ് കവിയുന്നതാണ്. അങ്ങനെ പള്ളി ചെറുതാകുന്നതാണ്. ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനലക്ഷ്യം. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മോട് പറയുന്നു: ഒരുപക്ഷേ നമ്മുടെ ഇന്ന്, കഴിഞ്ഞ ദിവസത്തെ അപേക്ഷിച്ച് ഉത്തമമല്ലെങ്കിൽ നാം യഥാർത്ഥ മുഅ്മിനാകുകയില്ല. അതുകൊണ്ട് ജുമുഅയ്ക്ക് വിടപറയുന്നതിന് വേണ്ടിയല്ല നാം ഇന്ന് ഒരുമിച്ച് കൂടിയിരിക്കുന്നത്. മറിച്ച് നമ്മുടെ നന്മകളും നമ്മുടെ ആരാധനകളും അല്ലാഹുവിലുള്ള സ്നേഹവും വർധിപ്പിച്ച് ചുവടുകളെ ദൃഢപ്പെടുത്തുന്നതിനും അതിനുവേണ്ടി ദുആ ചെയ്യുന്നതിനും വേണ്ടിയാണ് നമ്മൾ ഇന്ന് ഒരുമിച്ച് കൂടിയിരിക്കുന്നത്. ഈ പ്രതിജ്ഞ നാം ഇന്ന് ഏറ്റുപറയേണ്ടതാണ്. നാം ഇനിമുതൽ അല്ലാഹുമായുള്ള ബന്ധത്തിൽ പുരോഗതിനേടിയെടുക്കുന്നതാണ്. ഇൻശാ അല്ലാഹ്. ദൈവസമീപ്യത്തിന്റെ പ്രാധാന്യം നാം മനസിലാക്കുമ്പോഴാണ്, ഈ പ്രതിജ്ഞയും ദുആയും സ്വീകരിക്കപ്പെടുക. അല്ലാഹുവിനെ എല്ലാ ശക്തിയുടെയും ഉടമസ്ഥനായും നീരുറവയായും എല്ലാ ജോലികളെയും അതിന്റെ ഉത്തമ പര്യവസാനത്തിൽ എത്തിക്കുന്ന മാർഗമായും മനസിലാക്കുക.

ഹുസൂർ തിരുമനസ്സ് പറയുന്നു: വസ്തുക്കളുടെ മൂല്യം അതിന്റെ ആവിശ്യകതയുടെയും അറിവിന്റെയും അടിസ്ഥാനത്തിലാണ് നിർണയിക്കപ്പെടുന്നത്. ചിലയാളുകൾ തങ്ങളുടെ ചിന്തയും ആവിശ്യവുമനുസരിച്ചാണ് പ്രാധാന്യം നല്കുന്നത്. ചെറിയ വസ്തുക്കളെ അന്വേഷിച്ച് പുറപ്പെടുന്നു, വളരെ പ്രധാനപ്പെട്ട കാര്യങ്ങളും വസ്തുകളും അവഗണിക്കുന്നു. ലോകത്തിലെ ഒരുപാടാളുകൾ ഇവ്വിധം പ്രവർത്തിക്കുന്നവരാണ്. ശരിയായ ജ്ഞാനമില്ലാത്തതിനാൽ അല്ലെങ്കിൽ അറിവില്ലായ്മ മൂലം പ്രാധാനപ്പെട്ട വസ്തുകളെ മാറ്റിവെക്കുന്നു. പ്രാധാന്യം കുറഞ്ഞ വസ്തുക്കളെ മനുഷ്യൻ വളരെ മൂല്യമുള്ള വസ്തുവായി മനസിലാക്കുന്നു. എന്നോട് ചിലയാളുകൾ ചോദിക്കാറുണ്ട്, ഞങ്ങൾ ദുആ ചെയ്യുന്നു. വലിയ ഹൃ

ദയ വേദനയോടെ ദുആ ചെയ്യുന്നു. എന്നാൽ ദുആ സ്വീകരിക്കുന്നില്ല. ഞാൻ അവർക്ക് നല്കുന്ന മറുപടി ഈ ആയത്ത് അനുസരിച്ചാണ്. അതിനെ കുറിച്ച് ഞാൻ വിശദമായി റമദാനിലെ ആദ്യത്തെ ഖുത്ബയിൽ പ്രതിപാദിച്ചിരുന്നു. അവിടെ അല്ലാഹു പറയുന്നത്, ഞാൻ എന്റെ ദാസരുടെ സമീപസ്ഥനായിരിക്കുകയും അവരുടെ ദുആകൾ കേൾക്കുകയും ചെയ്യുന്നു എന്നാകുന്നു. അല്ലാഹു പറയുന്നു:

أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿١٨٧﴾

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ ആയത്തിനെ വിശദീകരിച്ച് കൊണ്ട് പറയുന്നു: ഇവിടെ **ദഅവത്ത ദാഈ** ന്നതു കൊണ്ട് വിളിക്കുന്നവൻ എന്നു മാത്രമല്ല ഉദ്ദേശിക്കുന്നത്. മറിച്ച് പ്രത്യേകമായ നിലയിൽ വിളിക്കുന്നവൻ എന്നാണ് ഉദ്ദേശ്യം. പകൽ അല്ലാഹുവിന് വേണ്ടി നോമ്പ് അനുഷ്ഠിക്കുകയും ഫർള് നമസ്കാരങ്ങൾ നിർവഹിക്കുകയും, ദൈവീക സ്മരണയിൽ കഴിയുകയും നമസ്കാരങ്ങളും ജുമുഅകളും സംരക്ഷിക്കുകയും ചെയ്യുന്നവരാണവർ. രാത്രിയിൽ വ്യാകുലപ്പെട്ട് കൊണ്ട് അല്ലാഹുവിനെ വിളിക്കുകയും ചെയ്യുന്നു. **അദ്ദാഅ്** എന്നതിന് വിളിക്കുന്നവൻ എന്നർഥം ഉണ്ടെങ്കിൽതന്നെയും ഇവിടെ തന്റെ ആരാധനകൾ അല്ലാഹുവിന് വേണ്ടി പ്രത്യേകപ്പെടുത്തുന്നവൻ എന്നാണ് ഉദ്ദേശ്യം. പിന്നീട് ഈ ആരാധനകൾ റമദാനിൽ മാത്രമായി പരിമിതപ്പെടുകയില്ല. മറിച്ച് അവന്റെ ആരാധനകൾ, മുഴുവൻ വർഷത്തെയും വലയം ചെയ്യുന്നു. അവർ ഭൗതികാഗ്രഹങ്ങൾക്ക് വേണ്ടി ദുആ ചെയ്യുകയില്ല. മറിച്ച് അല്ലാഹുവിനെ ചോദിച്ച് കൊണ്ടാണ് ദുആ ചെയ്യുക. അല്ലാഹു പറയുന്നു: എല്ലാം തന്നെ വിസ്മരിച്ച് കൊണ്ട് വെറും എന്റെ സാമീപ്യത്തെ ചോദിച്ച് കൊണ്ട് ദുആ ചെയ്യുന്നവരുടെ ദുആ തീർച്ചയായും സ്വീകരിക്കപ്പെടുന്നതാണ്. അല്ലാഹു പറയുന്നു: അവർ എന്നെ കണ്ടുമുട്ടുന്നതിനായി അക്ഷമയിൽ കഴിയുന്നവരാണ്, ഞാൻ അവരെ തീർച്ചയായും കണ്ടുമുട്ടുന്നതാണ്. ചിലയാളുകൾ എഴുതുന്നു, ഞങ്ങൾ വളരെ വ്യകുലതയോടുകൂടി ദുആ ചെയ്തെങ്കിലും അല്ലാഹു അത് സ്വീകരിച്ചില്ല. അല്ലാഹു നിങ്ങളുടെ എല്ലാ ഭൗതികാഗ്രഹങ്ങളും സാധിച്ച് തരുമെന്നോ, ദുആകൾ കേൾക്കുമെന്നോ പറയുന്നില്ല. എന്നാൽ പരിശുദ്ധ മാറ്റം ഉണ്ടാക്കി കൊണ്ട് അല്ലാഹുവിനെ ലഭിക്കുന്നതിനും കണ്ടുമുട്ടുന്നതിനുമായി വ്യാകുലതപ്പെട്ട് ദുആ ചെയ്യുന്നപക്ഷം അല്ലാഹു പറയുന്നു: ഞാൻ നിങ്ങളുടെ ദുആ തീർച്ചയായും കേൾക്കുന്നതാണ്. തന്റെ വലിയുടെ സുഹൃത്തായി കൊണ്ട് അവന്റെയൊപ്പം നിൽക്കുന്നതാണ്. അവന്റെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുകയും അവന്റെ ശത്രുകളോട് പൊരുതുകയും ചെയ്യുന്നതാണ്.

നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ച സ്ഥിതിക്ക്, നാം നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തുകയെന്നത് നമ്മുടെ ഉത്തരവാദിത്വമാകുന്നു. ഏതൊരു നിലവാരത്തിലാണ് ഈ റമദാനിൽ നാം എത്തി നിൽക്കുന്നത് അല്ലെങ്കിൽ എത്തുന്നതിനായി പരിശ്രമം നടത്തിയത്, അതിൽ നിന്ന് താഴെക്ക് സ്വയം തന്നെ വീഴ്ത്താതിരിക്കുക. സ്വന്തം നമസ്കാരങ്ങളുടെ നിലവാരങ്ങളെയും ഉയർത്തി കൊണ്ടിരിക്കുക. ജുമുഅകളിലെ സ്വന്തം ഹാജർനിലയും വർധിപ്പിക്കുക. അല്ലാഹുവിന്റെ കല്പനകളെ അംഗീകരിക്കുക. പ്രത്യേകമായ നിലയിൽ അല്ലാഹുവിനോട്, അല്ലാഹുവിനെ ചോദിക്കുന്നവരുടെ ഗണത്തിൽ ഉൾപ്പെടുന്നതിനായി എപ്പോഴും പരിശ്രമം നടത്തി കൊണ്ടിരിക്കുക. അതായത് അല്ലാഹുവിനെ ലഭിക്കുന്ന തരത്തിലുള്ള ദുആകൾ ചെയ്യാൻ ശ്രമിച്ച് കൊണ്ടിരിക്കുക. നമ്മുടെ നമസ്കാരങ്ങൾ അല്ലാഹുവിനെ ദർശനയോഗ്യമാകും വിധം നിർവഹിക്കുക. അല്ലാഹു നമുക്ക് ഈ നിലവാരം കരസ്ഥമാക്കുന്നതിന് തൗഫീഖ് നല്കി അനുഗ്രഹിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 31.05.2019
Malayalam Translation : **Mou.Hashim Ashraf** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516